LIBRARY ARCHIVES Kerala Legislative Assembly

കായംകുളം നഗരസഭയിലെ കെടുകാര്യസ്ഥത

108 (3392) ശ്രീ. സി. കെ. സദാശിവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം നഗരസഭയിൽ ഗുരുതരമായ അഴിമതിയും, കെടുകാര്യസ്ഥതയും നടക്കുന്നതായി കേരളത്തിലെ പ്രമുഖ ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച പരമ്പര ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ ആരോപണം അന്വേഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കായംകുളം മുനിസിപ്പൽ അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം കായംകുളം മുനിസിപ്പൽ കൗൺസിൽ ചർച്ച ചെയ്യുകയും ടി നഗരസഭയിലെ വിവിധ വകുപ്പ് മേധാവികളോട് ഉടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാൻ കായംകുളം മുനിസിപ്പൽ സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

സമാശ്വാസ തൊഴിൽദാന പദ്ധതി

109 (3393) ശ്രീ. കെ. ദാസൻ : താഴെകാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി നഗരസഭയിൽ കണ്ടിജന്റ് ജീവനക്കാരനായി സർവ്വീസിലിരിക്കെ മരണപ്പെട്ട ശ്രീ. ടി. കെ. ബാലചന്ദ്രന്റെ മകൾ പ്രീത സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കാൻ സർക്കാരിലേക്ക് സമർപ്പിച്ച അപേക്ഷയിൽ ഇതുവരെ എന്തെല്ലാം നടപടി കൈക്കൊണ്ടുവെന്ന് വിശദമാക്കാമോ ?

ഉത്തരം

ചോദ്യപ്രകാരമുള്ള അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടില്ല. എന്നാൽ കൊയിലാണ്ടി നഗരസഭയിൽ കണ്ടിജന്റ് ജീവനക്കാരനായി സർവ്വീസിലിരിക്കെ മരണപ്പെട്ട ശ്രീ. സി. കെ. ബാലചന്ദ്രന്റെ മകൾ ശ്രീമതി പ്രീന പി. ബി.-യുടെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം എൽ.ഡി.സി. ആയി ജോലി ലഭിക്കുവാനുള്ള അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ കോഴിക്കോട് ജില്ലാ

കളക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. മുനിസിപ്പൽ കോമൺ സർവ്വീസിൽ ആശ്രിത നിയമനത്തിന് ക്വാട്ട നിശ്ചയിക്കുന്നതു സംബന്ധിച്ച വിഷയത്തിന്മേലുള്ള അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് ശ്രീമതി പ്രീനയുടെ അപേക്ഷയിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

പുതുതായി ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

110 (3394) ശ്രീ. രാജു എബ്രഹാം : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പുതുതായി ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഏതൊക്കെയാണ് ;

(ബി) ഇവയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നു വിശദമാക്കാമോ ; നടപടികൾ പൂർത്തീകരിച്ച് എന്നത്തേക്ക് ഇവയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത് ?

ഉത്തരം

(എ) 2013-14 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റിയായി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. എന്നാൽ 2014-15 വർഷത്തെ ബഡ്ജറ്റിൽ പുതുതായി മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പ്രഖ്യാപിച്ചിട്ടില്ല.

(ബി) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 4(2) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്ന യാതൊരു മാറ്റവും ആ പഞ്ചായത്തിലെ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്തുവാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്തിന്റെ നിലവിലെ ഭരണസമിതിയുടെ കാലാവധി 2015 ഒക്ടോബറിലാണ് അവസാനിക്കുന്നത്. ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയവ രൂപീകരിക്കുന്നതിനും നഗരസ്വഭാവം ആർജിച്ച ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളായി പരിവർത്തനപ്പെടുത്തുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും അതിനനുസൃതമായി പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly